## നിതാഖത് നിയമംമൂലം തൊഴിൽ നഷ്ടപ്പെട്ടവർക്കുള്ള വായ്പ

69 (4684) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് നാടുകളിൽ നിതാഖത്ത് നിയമം നടപ്പാക്കിയതുമൂലം തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തിയ പ്രവാസി മലയാളികൾക്ക് ഒരു വർഷം മുമ്പ് സർക്കാർ നല്കുമെന്ന് പ്രഖ്യാപിച്ച പലിശരഹിത വായ്പ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പേർക്ക് അനുവദിച്ചുവെന്ന് അറിയിക്കുമോ ;

(ബി) പലിശരഹിത വായ്പ ലഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് അനുവദിച്ചുവെന്നും വ്യക്തമാക്കുമോ ?

### ഉത്തരം

(എ & ബി) തിരിച്ചെത്തിയ പ്രവാസികൾക്ക് പലിശരഹിതവായ്പ അനുവദിക്കുമെന്ന് ഈ സർക്കാർ പ്രഖ്യാപിച്ചിരുന്നില്ല. എന്നാൽ, നിതാഖത്ത് നിയമം കർശനമാക്കിയതിനെ തുടർന്ന് സൗദി അറേബ്യയിൽനിന്നും തിരികെയെത്തിയ പ്രവാസി മലയാളികളെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ ഒരു പ്രത്യേക പാക്കേജിന് രൂപം നൽകിയിട്ടുണ്ട്. സ്വയം സംരംഭങ്ങൾ ആരംഭിക്കുന്നതിന് പലിശ സബ്സിഡിയും മൂലധന സബ്സിഡിയും നൽകുന്നതിനും വിദേശങ്ങളിലെ തൊഴിൽ സാദ്ധ്യതകൾ വിലയിരുത്തി തൊഴിൽ പരിശീലനം നൽകുന്നതിനുമുള്ള വിശദമായ പദ്ധതികൾ പാക്കേജിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്. ഈ പാക്കേജിന്റെ നടത്തിപ്പിനായി 50 കോടി രൂപ 2014-15-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. തിരികെയെത്തിയ പ്രവാസി മലയാളികൾക്ക് വേണ്ടി സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) എന്ന നാമധേയത്തിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പത്ത് ശതമാനം മൂലധന സബ്സിഡി അനുവദിക്കുന്നതാണ് പദ്ധതി. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ. ഇതിനായി അപേക്ഷ ക്ഷണിക്കുകയും 20130 പേർ അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇവർക്കായി ബോധവത്ക്കരണ/പരിശീലന പരിപാടികൾ ജില്ലാ/താലൂക്കടിസ്ഥാനത്തിൽ വിവിധ മേഖലകളിലായി സംഘടിപ്പിച്ചുവരികയാണ്. വായ്പ ലഭ്യമാക്കുന്നതിന് കാനറാ ബാങ്കുമായി ധാരണാപത്രം ഒപ്പുവച്ചുകഴിഞ്ഞു. ഇതുവരെ 109 ലക്ഷം രൂപ സബ്സിഡി ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly